പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 802 08.03.2012 - ലെ മറുപടി

ജെ.എൻ.എൻ.യു.ആർ.എം. ബസ്സുകളുടെ പ്രവർത്തനം

ചോദ്യം ഉത്തരം

ശ്രീ. എ.എ. അസീസ്

ശ്രീ. വി.എസ്. ശിവകുമാർ
(ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ജെ.എൻ.എൻ.യു.ആർ.എം. പ്രകാരമുളള എത്ര ബസ്സുകളാണ് സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി വഴി ഓടിക്കുന്നതെന്ന് എ.സി., നോൺ എ.സി. എന്നീ ക്രമത്തിൽ വ്യക്തമാക്കുമോ; | (എ) | JnNURM പദ്ധതി പ്രകാരം തിരുവനന്തപുരം, എറണാകുളം ജില്ലകളിലായി 62 എ.സി. ബസ്സുകളും 226 നോൺ എ.സി ബസ്സുകളും സർവ്വീസ് നടത്തുന്നു. |
| (ബി) | പ്രസ്തുത ബസ്സുകൾ ഒരു കിലോമീറ്റർ ഓടിക്കുന്നതിന് കെ.എസ്.ആർ.ടി.സി ക്ക് എത്ര രൂപ ചെലവ് വരുമെന്നും എത്ര രൂപ വരുമാനമുണ്ടാകുന്നുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) | എ.സി. ബസ്സുകൾ ഒരു കിലോമീറ്റർ ഓടുന്നതിന് 50 രൂപ 12 പൈസയും, നോൺ എ.സി. ബസ്സുകൾക്ക് 37 രൂപ 56 പൈസയും ചെലവ് വരുമ്പോൾ അവയിൽ നിന്നും വരുമാനമായി യഥാക്രമം 41.16 രൂപയും, 31.01 രൂപയും ലഭിക്കുന്നു. |
| (സി) | ജെ.എൻ.എൻ.യു.ആർ.എം. ബസ്സുകൾ ഓടിക്കുന്നത് കെ.എസ്.ആർ.ടി.സി ക്ക് ലാഭകരമാണോ എന്ന് വ്യക്തമാക്കുമോ? | (സി) | നിലവിൽ തേയ്മാനചെലവുകൾ ഉൾപ്പെടെയുള്ള കണക്കുകൾ കൂടി ഉൾപ്പെടുത്തി വരവ്-ചെലവ് കണക്കുകൾ തയ്യാറാക്കുമ്പോൾ JnNURM ബസ്സുകൾ ഓടിക്കുന്നത് വഴി കെ.എസ്.ആർ.ടി.സി ക്ക് നഷ്ടമാണുണ്ടാകുന്നത്. |

സെക്ഷൻ ഓഫീസർ